ഉത്തരം

19-10-1995-ലെ സർക്കാർ ഉത്തരവു നമ്പർ ജി.ഒ. (എംഎസ്.) 496/95/ആ. കു. വ. പ്രകാരം തിരുവനന്തപുരം, കോഴിക്കോട് ഡെൻറൽ കോളേജുകൾക്ക് സ്വതന്ത്ര പദവി നൽകിയിട്ടുണ്ട്. 4-3-1996-ലെ ജി. ഒ. (എംഎസ്.) 99/96/ആ. കു. വ. പ്രകാരം ഇതിന് ആവശ്യമായ പുതിയ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

എസ്. എ. ടി. ആശുപത്രിയിലെ അറൻഡർമാർ കൈക്കൂലി വാങ്ങുന്നതായി പരാതി

128 [1307] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്. എ. റ്റി. ആശുപത്രിയിൽ രോഗികളെ ഓപ്പറേഷൻ തിയറ്ററിൽനിന്ന് പോസ്റ്റ് ഓപ്പറേഷൻ വാർഡിലേക്കും തിരിച്ചും മുറിയിലേക്കോ വാർഡിലേക്കോ കൊണ്ടുപോകുന്നതിന് അറൻഡർമാർ കൈക്കൂലി ചോദിച്ചുവാങ്ങുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്സംബന്ധിച്ച് അന്വേഷിച്ച് കുറ്റക്കാർക്ക് എതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

എസ്. എ. ടി. ആശുപത്രിയിലെ വികസനപ്രവർത്തനം

129 [1308] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്. എ. ടി. ആശുപത്രിയിൽ 1995-96 വർഷത്തിൽ എന്തൊക്കെ വികസനപ്രവർത്തനങ്ങൾ ആരംഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിനായി എന്തുരുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

ഏതെല്ലാമാണെന്ന് നിശ്ചയിക്കുകയും അതിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങളും സ്വീകരിക്കേണ്ട അടിസ്ഥാന തത്വങ്ങളും എന്തെല്ലാമെന്ന് നിർദ്ദേശിക്കുക.

4. സമർപ്പിക്കപ്പെടുന്ന ഓരോ ശുപാർശയും നടപ്പിലാക്കുവാൻ വേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്നും അതിനുള്ള വിഭവ സമാഹരണം (കേന്ദ്ര സംസ്ഥാന പദ്ധതി വിഹിതങ്ങൾ മറ്റ് ഏജൻസികളിൽനിന്നോ/മാർഗ്ഗങ്ങളിൽ നിന്നോ സ്വരൂപിക്കുവാൻ കഴിയുന്നവ) എങ്ങനെ കണ്ടെത്താമെന്നും നിർദ്ദേശിക്കുക.

5. ശുപാർശകളിൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ; സ്വയംഭരണ സ്ഥാപനങ്ങൾ, സമിതികൾ, സംഘടനകൾ, ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകാര്യ ആയുർവേദ സ്ഥാപനങ്ങൾ തുടങ്ങിയവ വെവ്വേറെയും സംയുക്തമായും നടപ്പിലാക്കേണ്ടവ ഏതെല്ലാമെന്ന് വ്യക്തമാക്കേണ്ടതാണ്.

6. സമർപ്പിക്കപ്പെടുന്ന ശുപാർശകൾ/നിർദ്ദേശങ്ങളിൽ അടിയന്തിരമായി നടപ്പിലാക്കേണ്ടവ, സാവകാശം നടപ്പിലാക്കേണ്ടവ ഏതെല്ലാമാണെന്ന് വേർതിരിക്കേണ്ടതാണ്. വികസനപദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ അവയിൽ ഹ്രസ്വകാലപദ്ധതികൾ ഏതെന്നും ദീർഘകാല പദ്ധതികൾ ഏതെന്നും വേർതിരിക്കേണ്ടതാകുന്നു.

കമ്മീഷൻ റിപ്പോർട്ട് നാലുമാസത്തിനുള്ളിൽ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണരുടെ ഉത്തരവിൻ പ്രകാരം,

ഗോപാൽകൃഷ്ണപിള്ള,
സെക്രട്ടറി.

അനുബന്ധം V

[13-3-1996-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 129 (1308) കാണുക]

തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയുടെ പ്രത്യേക വികസനത്തിനായി 35 (മുപ്പത്തിയഞ്ച്) ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്:

1. 1·67 കെ.വി.എ. ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി അഞ്ചു ലക്ഷം രൂപ നൽകിയിട്ടുണ്ട്.

2. സെപ്റ്റിക് ലേബർ റൂം, അമ്മമാർക്കുള്ള ഐ. സി. യൂണിറ്റ് എന്നിവയുടെ പുനരുദ്ധാരണത്തിനായി നാലു ലക്ഷം രൂപ പി.ഡബ്ലിയു.ഡി.-ക്ക് നൽകിയിട്ടുണ്ട്. കൂടാതെ നാല് ലക്ഷം രൂപ യന്ത്രസാമഗ്രികൾ വാങ്ങാനും ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V—(തുടർച്ച)

3. എസ്. എ. റ്റി. ആശുപത്രിയിൽ ഒരു സംയുക്ത കാഷ്വാലിറ്റി വിഭാഗം ആരംഭിക്കുന്നതിനായി ആകെ 4·75 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

4. പീഡിയാട്രിക് സർജറിയിൽ ട്രോമാകെയർ ആരംഭിക്കുന്നതിലേക്കായി അഞ്ചുലക്ഷം രൂപാ വകയിരുത്തി അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

5. പീഡിയാട്രിക് സർജറി വിഭാഗത്തിൽ രോഗനിർണ്ണയത്തിനും ചികിൽസയ്ക്കുമായി ലാപ്രോസ്കോപ്പി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

6. നവജാത ശിശുവിഭാഗത്തിന്റെ നവീകരണത്തിനായി 5 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

7. ശിശുവിഭാഗത്തിൽ അത്യാസന്നനിലയിൽ വരുന്നവർക്കായുള്ള ക്രിട്ടിക്കൽ കെയർ വിഭാഗത്തിനായി 6 ലക്ഷം രൂപയ്ക്കുള്ള യന്ത്ര സാമഗ്രികൾ (വെൻറിലേറ്റർ, മോണിട്ടർ, പമ്പ്സ് ഓക്സീമീറ്റർ മുതലായവ) വാങ്ങിയിട്ടുണ്ട്.

കൂടാതെ മറ്റ് പല വിഭാഗങ്ങൾക്കായി മൊത്തം 12·5 ലക്ഷം രൂപയ്ക്കുള്ള യന്ത്രസാമഗ്രികൾ വാങ്ങാനായി ഓർഡർ നൽകിയിട്ടുണ്ട്.

നടപ്പു സാമ്പത്തിക വർഷാവസാനത്തോടെ അതായത് മാർച്ച് 31-നകം വകയിരുത്തിയ തുകയെല്ലാം ചെലവാക്കുന്നതാണ്.

അനുബന്ധം VI

[13-3-1996-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 154 (1335) കാണുക]

പൊതുവിതരണരംഗം കൂടുതൽ ശക്തവും പൊതുജനോപയോഗപ്രദവും ആക്കുക എന്ന ലക്ഷ്യത്തോടെ വിവിധ നടപടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങളെ പൊതുവിതരണരംഗത്തേക്ക് ആകർഷിക്കുവാനും നിത്യോപയോഗ സാധനങ്ങൾക്ക് വേണ്ടി പൊതുമാർക്കറ്റിനെ മാത്രം അവലംബിക്കുന്ന രീതി ഒഴിവാക്കുവാനും വേണ്ടി അരിയുടെയും ഗോതമ്പിന്റെയും കേന്ദ്രവിഹിതം വർദ്ധിപ്പിക്കുവാനും കേന്ദ്രവിഹിതമായി ലഭിക്കുന്ന അരിയിൽ 70 ശതമാനം എങ്കിലും പുഴുക്കലരി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൽഫലമായി മാസംതോറും ഒരു ലക്ഷം ടൺ അരി ലഭിച്ചുകൊണ്ടിരുന്നത് 1.35 ലക്ഷം ടണ്ണായും തുടർന്ന് 1.50 ലക്ഷം ടൺ ആയും വർദ്ധിപ്പിക്കുന്നതിന് സാധിച്ചു. കൂടാതെ ഗോതമ്പിന്റെ വിഹിതം 30,000 ടണ്ണിൽ നിന്നും 50,000 ടൺ ആയും മണ്ണെണ്ണയുടേത് 27,665 കി. ലിറ്ററിൽ നിന്നും 31,265 കി. ലിറ്ററായും ഉയർത്തി കിട്ടുകയുണ്ടായി. സാധാരണ റേഷന് പുറമേ കാർഡൊന്നിന് ആഴ്ചയിൽ 15 കി. ഗ്രാം അരി വീതവും ഉത്സവകാലങ്ങളിൽ ഇത് 50 കി. ഗ്രാം

LIBRARY ARCHIVES Kerala Legislative Assembly